**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 477** **02-02-2023 - ൽ മറുപടിയ്ക്ക്**

**ടെണ്ടർ സേവിംഗ്സ് തുകയ്ക്ക് പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് പദ്ധതികളിൽ നിന്നും ആകെ ഉള്ള ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 04/08/2018ലെ സ.ഉ.(അച്ചടി)നം.119/2018/ധന. ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ആയതിനാൽ 2017-18 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br>**2017-18 – Rs. 47,88,315.48/-**<br>**2018-19 – Rs. 49,85,613/-**<br>**2019-20 – Rs. 41,180,63/-**<br>**2020-21 – Rs. 93,84,149/-**<br>**2021-22 – Rs. 17,88,424/-**<br>**ആകെ - Rs. 2,50,64,564.48** |
| (ബി) | ടെണ്ടർ സേവിംഗ്സ് തുകയ്ക്ക് പുതിയ പദ്ധതി നിർദ്ദേശിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട 04.08.2018 തീയതിയിലെ സ.ഉ.(അച്ചടി)നം.119/2018/ധന. ഉത്തരവിലെയും ടി ഉത്തരവ് ഭേദഗതി ചെയ്ത 31.03.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.40/2022/ധന. ഉത്തരവിലേയും ടെൻഡർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 17.12.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.145/2022/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം **"പ്രായോഗികമായി, ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL) തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവു മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual** |

| | | | |
|---|---|---|---|
| | | | Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ് എന്നും ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല എന്നും ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം ബഹു.എം.എൽ.എ. മാർക്ക് ടെൻഡർ സേവിംഗ്സ് വിനിയോഗിക്കുന്നതിനുള്ള ശുപാർശകൾ അതത് ജില്ലാ കളക്ടർക്ക് സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ